# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 958** **05.02.2020 ലെ മറുപടി**

**തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സമഗ്ര പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടും അനുബന്ധ തോടുകളും കരമന, കിള്ളിയാർ എന്നീ നദികളും ചേർത്ത് സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കനിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടും അനുബന്ധ തോടുകളിലും കരമന, കിള്ളി എന്നീ നദികളിലും "റൈറ്റ്സ്" എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത ഏജൻസിയുടെ പഠന റിപ്പോർട്ട് അനുസരിച്ച് ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും ആവിഷ്കരിച്ച് വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു .<br><br>ആമയിഴഞ്ചാൻ തോടിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനും (കണ്ണമ്മൂല മുതൽ ആക്കുളം വരെ) മാലിന്യ മുക്തമാക്കുന്നതിനും പുനരുദ്ധാരണത്തിനും വാട്ടർ അതോറിറ്റിയുടെ സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനുമായി 25 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി അനുമതിക്കായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആമയിഴഞ്ചാൻ തോടിൽ വന്നുചേരുന്ന ഉള്ളൂർ തോടിന്റെ സംരക്ഷണത്തിനും മാലിന്യ മുക്തമാക്കുന്നതിനും 2019-20 ലെ |

ബഡ്ജറ്റിൽ 9 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | (ബി) | ആമയിഴഞ്ചാൻ തോടിന്റെ നവീകരണത്തിനായി കണ്ണമ്മൂല മുതൽ ആക്കുളം വരെ 25 കോടി രൂപയുടെ പ്രവൃത്തി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>ഉള്ളൂർതോടിൽ ഉള്ളൂർ മുതൽ പുത്തൻപാലം വരെ സംരക്ഷണവും അനുബന്ധ പ്രവൃത്തികൾക്കായി 9 കോടി രൂപ ചെലവഴിച്ച് പ്രവൃത്തി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**